

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P10/1809/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 07/11/2024
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (AIMS മുഖേന)
2. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3. കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P10/1809/24 തീയ്യതി: 07/11/2024

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2023 മുതൽ 04-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-08-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി അമ്പിളി എം.ഡി.	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	06-09-2024	11-09-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
06-09-2024	11-09-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അജ്മൽ എ.എസ്., ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജൂഡിറ്റ് വർഗ്ഗീസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സുനിൽകുമാർ യു.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സുന്ദരേശൻ ആർ.	പ്രസിഡന്റ്	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. മനോഹരൻ എം.	സെക്രട്ടറി	01-04-2023	05-07-2023
ശ്രീ.ചന്ദ്രബാബു കെ.	സെക്രട്ടറി	05-07-2023	31-03-2024
ശ്രീമതി ബൾഗീസ് എം.	അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീമതി സലീല.എസ്	അസിസ്റ്റൻറ് എൻജിനീയർ	01-04-2023	31-03-2024
ശ്രീമതി ഗംഗഭായി കെ.വി.	ശിശു വികസന പദ്ധതി ഓഫീസർ	01-04-2023	31-03-2024
ശ്രീമതി ഷെമിദ എം.	ശിശു വികസന പദ്ധതി ഓഫീസർ-അഡീഷണൽ	01-04-2023	31-03-2024
ശ്രീ. രാജീവ് എസ്.	പട്ടികജാതി വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീ.കെ.ഓമനകുട്ടൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി ഷാനിദ ബീവി.എ.	അസിസ്റ്റൻറ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	01-04-2023	31-03-2024
ശ്രീമതി	വ്യവസായ വികസന	01-04-2023	31-03-2024

ഗിരിജ.വി.പി.	ഓഫീസർ		
ഡോ.വിമല എം.	മെഡിക്കൽ ഓഫീസർ സി. എച്ച് സി (ശൂരനാട്))	01-04-2023	21-06-2023
ഡോ.ബുഷ്റ റ്റി.	മെഡിക്കൽ ഓഫീസർ സി. എച്ച് സി (ശൂരനാട്)	01-07-2023	31-03-2024
ഡോ. ഷഹന കെ	സൂപ്രണ്ട് (താലൂക്ക് ആശുപത്രി)	01-04-2023	22-08-2023
ഡോ. തോമസ്സ് അൽഫോൺസ്	സൂപ്രണ്ട് (താലൂക്ക് ആശുപത്രി)	23-08-2023	06-03-2024
ഡോ. ഷഹന കെ	സൂപ്രണ്ട് (താലൂക്ക് ആശുപത്രി)	07-03-2024	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല	1-1-2
4	ആസ്തികൾ ബാലൻസ് ഷീറ്റിൽ കൃത്യമായി ഉൾപ്പെടുത്തിയില്ല	1-1-3
5	ബജറ്റ്	1-2
6	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
7	ഫണ്ട് വിനിയോഗം	1-4
8	പദ്ധതിഅവലോകനം	1-5
9	തൊഴിലുറപ്പ് പദ്ധതി	1-6
10	ക്ഷേമപദ്ധതികൾ	1-7
11	ക്യാഷ് പരിശോധന	1-8
12	ആഭ്യന്തരനിയന്ത്രണം	1-9
13	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
14	വാടക- ജി.എസ്.ടി. ഈടാക്കുന്നില്ല	1-11
15	പാലിന് സബ്സിഡി : CFC ഫണ്ടുകൾ പിൻവലിച്ചത് ഗുണഭോക്താക്കൾക്ക് നൽകിയില്ല.	1-12
16	കാലിത്തീറ്റ സബ്സിഡി തുക (CFC GRANT) നാളിതുവരെ ചെലവഴിക്കാതെ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു	1-13
17	ഐ.എ.വൈ.ഭവനപദ്ധതി - തുക തിരികെ സർക്കാർ ഫണ്ടിൽ ഒടുക്കിയില്ല	1-14
18	അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പ്രോജക്ട് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പർച്ചേസ്	1-15
19	മെൻസ്ട്രൽ കപ്പ് വിതരണം- ചുമതലയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പാക്കി	1-16
20	ശൂരനാട് സി.എച്ച്.സി.യിലേക്ക് ഫർണ്ണീച്ചർ	1-17
21	പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല	1-18
22	കേരളോൽസവം -തനതു ഫണ്ടിൽ നിന്നും ചെലവായ തുക റീക്കൂപ്പ് ചെയ്തില്ല	1-19
23	ഡെപ്പോസിറ്റ് വർക്ക് -തുക നിക്ഷേപിച്ചെങ്കിലും പണി നടത്തിയിട്ടില്ല	1-20
24	സ്കാനർ ലഭ്യമായില്ല	1-21
25	അനീമിയ രോഗബാധിതർക്ക് പോഷകാഹാരം നൽകൽ പദ്ധതി-ലക്ഷ്യം പൂർത്തീകരിച്ചില്ല	1-22
26	കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും	1-23

	5,34,204/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു	
27	കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്ന് ലഭിച്ചില്ല	1-24
28	മേലൂട് പടിഞ്ഞാറെ കോളനി സാംസ്കാരിക നിലയം - നിർമ്മാണം പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തിയുടെ 80% നിർവ്വഹിച്ചില്ല.(Ward 9)	1-25
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	മെൻസ്ട്രൽ കപ്പ് വിതരണം- ചുമതലയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പാക്കി	3-1
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/ വായ്പാ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്/ സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 10.06.2024 തീയതിയിലെ II(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 29.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി : 07-11-2024.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

1-1-2 റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല

പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ വാർഷിക കണക്കുകൾ പ്രകാരം ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന ഗ്രാന്റ് തുക 41,32,397/- രൂപയും ബാങ്ക് അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക 90,33,689.8/- രൂപയും ആണ്. പ്രതിമാസ ബാങ്ക് റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

1-1-3 ആസ്തികൾ ബാലൻസ് ഷീറ്റിൽ കൃത്യമായി ഉൾപ്പെടുത്തിയില്ല

1) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
2) നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ കൃത്യത ബോധ്യപ്പെടാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
3) പർച്ചേസ് ഓഫ് മെറ്റിരിയൽസ് ആയി കാണിച്ചിരിക്കുന്ന തുകയുടെ (22,712/-) കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.
4) പഞ്ചായത്ത് ഫണ്ട് ജനറൽ നെഗറ്റീവ് ബാലൻസാണ്.
5) Other Income From Miscellaneous Receipts ആയി കാണിച്ചിരിക്കുന്ന 7,57,448/- രൂപയുടെ വിവരങ്ങൾ ലഭ്യമല്ല.

1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 25.03.2023 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹1,50,93,165/-
വരവ്	₹10,93,69,283/-
ആകെ	₹12,44,62,448/-

ചെലവ്	₹11,09,84,465/-
നീക്കിയിരിപ്പ്	₹1,34,77,983/-
വരവിനങ്ങളിലെ നഷ്ടം	ഇല്ല
ചെലവിനങ്ങളിലെ നഷ്ടം/നിരാകരിച്ച തുക	₹2,70,900/-
തടസ്സപ്പെടുത്തിയ തുക	₹26,34,871/-

1-4 ഫണ്ട് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ്/ ലാപ്സായ തുക ₹
വികസനഫണ്ട് (ജനറൽ)	0	2,85,16,000/-	2,85,16,000/-	2,29,64,195/-	55,51,805/-
വികസനഫണ്ട് (എസ്.സി.പി)	0	3,26,45,000/-	3,26,45,000/-	2,05,23,020/-	1,21,21,980/-
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	0	2,47,14,600/-	2,47,14,600/-	1,61,33,890/-	85,80,710/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ബാങ്ക്	19,05,771/-	35,41,500/-	54,47,271/-	54,27,271/-	20,000/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക് അൺ ടൈഡ്)-ബാങ്ക്	13,27,222/-	48,15,694/- (പലിശ ഉൾപ്പെടെ)	61,42,916/-	20,30,519/-	41,12,397/-

സംസ്ഥാനാവിഷ്കൃത / കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

ഫണ്ട് ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ടി എസ് സി	12,63,179/-	58,839/-	1322018/-	0/-	1322018/-
ഹെൽത്ത് ഗ്രാന്റ്	25,93,388/-	74,070/-	26,67,458/-	21,32,412/-	5,35,046/-
ഐ എ വൈ/ പി എം എ വൈ	56,56,756/-	5,76,565/-	62,33,321/-	13,81,378/-	48,51,943/-
MPLAD/MLASDF	8,49,616/-	3,99,83,902/-	4,08,33,518/-	3,99,18,545/-	9,14,973/-
Village Panchayath	22,25,813/-	0/-	22,25,813/-	22,25,813/-	0
Total Sanitation	32,361/-	11,242/-	43,296/-	32,361/-	10,935/-
Bio Diversity	0	2,29,105/-	2,29,105/-	0	2,29,105/-

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ചെലവ് തുക സുലേഖ സ്റ്റേറ്റ്മന്റും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതിഅവലോകനം

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം

167	14,98,17,499/-	116	7,33,97,645/-	51	69%

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

1-7 ക്ഷേമപദ്ധതികൾ

ഇല്ല.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.09.2024 തീയതിയിൽ 3.30 ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. അന്നേദിവസം ക്യാഷിനത്തിൽ വരവില്ല.

1-9 ആഭ്യന്തരനിയന്ത്രണം

വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കു വരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ്വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ച് വരവുകൾ സ്വീകരിക്കുന്നതിന് പകരം കൈകൊണ്ടെഴുതുന്ന രസീതുകളാണ് ഉപയോഗിച്ചുവരുന്നത്. ഈ വിവരങ്ങൾ കൃത്യമായി സാംഖ്യായിലേക്ക് ഇന്റഗ്രേറ്റഡ് രസീത് വഴി ഉൾപ്പെടുത്തുന്നില്ല. നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്ന രസീതുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും റിക്കൺസിലിയേഷൻ നടത്തുന്നില്ല. ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിച്ച് നീക്കിയിരിപ്പ് ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് മാറ്റേണ്ടതുണ്ട്. തനതു വരുമാനത്തിന്റെ രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകളില്ലാതെ മരാമത്ത് പ്രവൃത്തികൾക്ക് ബിൽ തുക നൽകുന്നതു ഉചിതമല്ല. വ്യവസായ വികസന ഓഫീസർ സബ്സിഡി നൽകിയ പദ്ധതികൾക്ക് തുടർ നിരീക്ഷണം ഉണ്ടാകേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	27.12.2022 മുതൽ 05.01.23 വരെ	2021-22	25.04.23
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	10.6.2016	2012-13 To 2015-16	23.12.2016

1-11 വാടക- ജി.എസ്.ടി. ഈടാക്കുന്നില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ചു വാടകയ്ക്ക് നൽകിയിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് 01.07.2017 മുതൽ ജി.എസ്.ടി. ബാധകമാണെന്ന് 01.11.2017-ലെ സ.ഉ.(അച്ചടി) 87/2017/ത.സ്വ.ഭ.വ നം. ഉത്തരവിൽ വ്യക്തമാക്കിയിട്ടും ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാടകയോടൊപ്പം 18% ജി.എസ്.ടി. ഈടാക്കിയില്ല.
ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളിൽ പ്രവർത്തിക്കുന്ന

അദ്വൈത് കാറ്ററിംഗ് യൂണിറ്റ്, മഹിള വ്യവസായ സഹകരണസംഘം എന്നീ കടമുറികളിൽ നിന്നുള്ള വാടകയോടൊപ്പം ജി.എസ്.ടി. ഈടാക്കി വിശദാംശം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി 6/09.09.24

1-12 പാലിന് സബ്സിഡി : CFC ഫണ്ടുകൾ പിൻവലിച്ചത് ഗുണഭോക്താക്കൾക്ക് നൽകിയില്ല.

പാലിന് സബ്സിഡി എന്ന പദ്ധതി പ്രകാരം ക്ഷീര കർഷകർക്ക് നൽകുന്നതിനായി സി.എഫ്.സി. ഫണ്ടിൽ നിന്നും 1,79,167/-രൂപ പിൻവലിച്ച് ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. 110/23-24

ഫണ്ടിനം	അടങ്കൽ (₹)	ചെലവ് (₹)
പ്ലാൻ ഫണ്ട്	16,00,000/-	11,23,767/-
സി.എഫ്.സി	8,73,634/-	3,98,275/-
തനത് ഫണ്ട്	1,26,366/-	0
ആകെ	**26,00,000**/-	**15,22,042**/-

ഇതിനായി വാർഷിക പദ്ധതി (ഏക വർഷം) തയ്യാറാക്കി പ്ലാൻ ഫണ്ട് (₹1600000/-) CFC (₹873630/-) തനത് ഫണ്ട് (₹126366/-) ഇപ്രകാരം ഫണ്ടുകൾ വകയിരുത്തിയിരുന്നു. സുലേഖ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് 15,22,047/-രൂപ ആണ്. സി.എഫ്.സി. അക്കൗണ്ടിൽ നിന്ന് പിൻവലിച്ച തുക (174435/-രൂപ) ക്ഷീര കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനു പകരം ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടിലേക്കും, 179167/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിലേക്കുമാണ് നൽകിയിട്ടുള്ളത്.

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി സി.എഫ്.സി. ഗ്രാന്റിൽ നിന്നും ബിൽ 14 പ്രകാരം 22,581/-രൂപയും, ബിൽ 17 പ്രകാരം 22,092/- രൂപയും ഉൾപ്പെടെ ആകെ 44,673/- രൂപ പടിഞ്ഞാറേകല്ലട ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്കും ബിലുകൾ 15, 16 എന്നിവ പ്രകാരം യഥാക്രമം 93,510/-രൂപ, 80,925/-രൂപ (ആകെ 1,74,435/-രൂപ) ശൂരനാട് തെക്ക് ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്കുമാണ് നൽകിയിട്ടുള്ളത്. കർഷകരുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്തിലെ ക്ഷീര കർഷകർക്കുള്ള സബ്സിഡി തുകയായ 1,79,167/-രൂപ, 19 മുതൽ 22 വരെയുള്ള ബില്ലുകൾ പ്രകാരം പിൻവലിച്ച് ക്ഷീര കർഷകർക്ക് നൽകാതെ ഡയറി എക്സ്റ്റൻഷൻ ഓഫിസറുടെ പേരിലുള്ള ഗ്രാമിൺ ബാങ്കിന്റെ അക്കൗണ്ട് നമ്പർ 40639101041332 ൽ (ഭരണിക്കാവ് ബ്രാഞ്ച്) 09-04-2024 ൽ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. ടി തുക നാളിതുവരെ (11-9-24) വിതരണം ചെയ്തിട്ടില്ല. കർഷകർക്ക് സമയബന്ധിതമായി ലഭിക്കേണ്ട സബ്സിഡി തുക നിഷേധിച്ചുകൊണ്ട് ആ തുകകൾ സ്വന്തം പേരിലുള്ള ഔദ്യോഗിക അക്കൗണ്ടിൽ നിക്ഷേപിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് തുക കൈമാറുന്നതിൽ സാങ്കേതിക തടസ്സമാണെന്ന മറുപടിയാണ് എൻകൃയറി നം. 16 ന് നൽകിയിട്ടുള്ളത്. പടിഞ്ഞാറേകല്ലട, ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പാലിന് സബ്സിഡി ഇനത്തിൽ പിൻവലിച്ച 3,98,275/-രൂപയുടെ ചെലവ് ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു. സബ്സിഡി തുകകൾ അടിയന്തിരമായി ഗുണഭോക്താക്കൾക്ക് കൈമാറി അതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഡയറി എക്സ്റ്റൻഷൻ ഓഫീസർ പിൻവലിച്ചിട്ടുള്ള ബില്ലുകൾ എല്ലാം തന്നെ കൂടുതൽ പരിശോധനകൾക്ക് വിധേയമാക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് എൻകയറി നം. 17/10.09.2024.

ഓഡിറ്റ് തടസ്സം – 3,98,275/-രൂപ.

1-13 കാലിത്തീറ്റ സബ്സിഡി തുക (CFC GRANT) നാളിതുവരെ ചെലവഴിക്കാതെ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഫണ്ടിനം	അടങ്കൽ (₹)	ചെലവ് (₹)
വികസന ഫണ്ട്	9,94,000/-	7,90,300/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	5,00,000/-	2,91,900/-
മറ്റുള്ളവ	14,94,000/-	0
ആകെ	29,88,000/-	10,82,200/-

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി (112/24). ടി പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി Kerala ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളിൽ നിന്നും കാലിത്തീറ്റ വാങ്ങിയതിന് സബ്സിഡി തുക ഇനത്തിൽ വികസന ഫണ്ട് (General), സി.എഫ്.സി. എന്നീ ഫണ്ടുകൾ ചെലവഴിക്കാനായിരുന്നു പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കറവയുള്ള പശുവിന് ഒരു മാസം പരമാവധി 100 കിലോ കാലിത്തീറ്റ ക്ഷീര സംഘങ്ങൾ മുഖേന കർഷകർക്ക് നൽകുന്ന പദ്ധതിയാണ് കാലിത്തീറ്റ സബ്സിഡി. പരമാവധി തുക 10,000/-രൂപ ക്ഷീരകർഷകർക്ക് (ജനറൽ വിഭാഗത്തിന്), വികസന ഫണ്ടിൽ നിന്ന് 7,90,300/- രൂപ സബ്സിഡി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി നൽകുന്നതിനായി CFC ഫണ്ടിൽ നിന്നും പിൻവലിച്ച 2,91,900/- രൂപ ചെലവഴിക്കാതെ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ പേരിലുള്ള ഗ്രാമീൺ ബാങ്ക്, ഭരണിക്കാവ് ബ്രാഞ്ചിലെ അക്കൗണ്ട് നമ്പർ 40639101041332 ൽ 08-4-2024 ൽ സൂക്ഷിച്ചിരിക്കുന്നു.

സി.എഫ്.സി. ഫണ്ട് വിതരണം ചെയ്യാനുള്ളതിന്റെ വിശദാംശങ്ങൾ

ക്ഷീരസംഘം	പഞ്ചായത്ത്	തുക (₹)
കക്കാംകുന്ന് ക്ഷീരസംഘം	ശൂരനാട് സൗത്ത് പഞ്ചായത്ത്	86,100/-
പതാരം ക്ഷീരസംഘം	ശൂരനാട് സൗത്ത് പഞ്ചായത്ത്	71,400/-
നെടിയവിള, ഐവർകാല ക്ഷീരസംഘം	കുന്നത്തൂർ പഞ്ചായത്ത്	51,100/-
ശൂരനാട് ക്ഷീരസംഘം	ശൂരനാട് സൗത്ത് പഞ്ചായത്ത്	69,300/-
പടാഞ്ഞാറ്റിൻ കിഴക്ക് ക്ഷീരസംഘം	ശൂരനാട് നോർത്ത് പഞ്ചായത്ത്	14,000/-

	ആകെ	2,91,900/-

സബ്സിഡി തുക സമയബന്ധിതമായി ചെലവഴിക്കാതെ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. തുക നാളിതുവരെയായി (11-09-2024) ചെലവഴിക്കാനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല. ആയതിനാൽ 2,91,900/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സബ്സിഡി തുകകൾ ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തപക്ഷം തുക തിരികെ ഒടുക്കേണ്ടതാണ്. ഡയറി എക്സ്റ്റൻഷൻ ഓഫീസർ പിൻവലിച്ചിട്ടുള്ള ബില്ലുകൾ എല്ലാം തന്നെ കൂടുതൽ പരിശോധനകൾക്ക് വിധേയമാക്കേണ്ടതാണന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് എൻകൗയറി നം. 16/10.09.2024.

തടസ്സപ്പെടുത്തുന്ന തുക – 2,91,900/- രൂപ.

1-14 ഐ.എ.വൈ.ഭവനപദ്ധതി - തുക തിരികെ സർക്കാർ ഫണ്ടിൽ ഒടുക്കിയില്ല

2017-18 സാമ്പത്തിക വർഷം ശ്രീമതി ആശ, ശാന്തിനികേതൻ എന്ന ഗുണഭോക്താവിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഐ.എ.വൈ. ഭവനപദ്ധതി പ്രകാരം 4,00,000/- രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ടി തുക പലിശ ഒഴിവാക്കി തിരികെ അടയ്ക്കുന്നതിന് സർക്കാർ അനുമതി നൽകിയതിനെ തുടർന്ന് 13.02.2024-ലെ 8-ാം നമ്പർ രസീത് (ബുക്ക് നമ്പർ-1605) പ്രകാരം 4,00,000/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ടി തുക തിരികെ കേന്ദ്ര, സംസ്ഥാന സർക്കാർ ഫണ്ടിൽ ഒടുക്കാതെ പി.എം.എ.വൈ. ഭവന പദ്ധതിക്കായി ഇൻഡ്യൻ ബാങ്കിന്റെ ഭരണിക്കാവ് ശാഖയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. Poverty Alleviation Unit ൽ നിന്നും ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ ലഭിക്കാത്തതിനാലാണ് തുക തിരികെ ഒടുക്കാത്തതെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാകുന്ന മുറക്ക് തുക തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൗയറി 3/09.09.24

1-15 അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പ്രോജക്ട് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പർച്ചേസ്

അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധങ്ങളും വാങ്ങൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ്. CPRCS മുഖേന പർച്ചേസ് നടത്തണെമെന്ന നിർദ്ദേശം അവഗണിച്ച് സ്വകാര്യ സ്ഥാപനത്തിൽ നിന്നും യഥേഷ്ടം പർച്ചേസ് ചെയ്തിരിക്കുന്നു. ഈ വാങ്ങൽ പ്രവൃത്തികൾക്ക് മറ്റു പർച്ചേസ് മാനദണ്ഡങ്ങളായ GEM, ടെണ്ടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

പ്രോജക്ട് പേര് / നം: അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പ്രോജക്ട് : (139/22-23; 148/23-24)

അടങ്കൽ : ₹2,93,000/-

ഫണ്ടിനം : MF (NR)

ചെലവ് : ₹2,82,678/-

ബിൽ വിവരങ്ങൾ:

BRN : 22040363069801262669 (28-2-23)

തുക : ₹1,11,000/-

BRN : 22040363069801195039

തുക : ₹91,364/-

BRN : 23040363069800533311 (11-9-23)

തുക : ₹73,339/-

BRN : 23040363069800605132(23-9-23)

തുക : ₹6,975/-

വാങ്ങിയ കമ്പ്യൂട്ടർ ഉപകരണങ്ങൾ. (ടാക്സ്ഇൻവോയ്സ് പ്രകാരമുള്ളത്)

Desk Top Computer Acer I 3 - 2 Nos

Acer Monitor 22" - 2 Nos

UPS 2KV Hykon - 1 No

Hykon Tubular Battery - 4Nos

LapTop Hp 240 GB / WIN 11SL-2 Nos

LG 20 M39A Monitor - 1 No

ഇൻവോയ്സ്, സ്ഥാപനം, എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇൻവോയ്സ്	സ്ഥാപനം	തുക (₹)	BRN നം
1	RJE02507/22-23 03-01-2023	RJ Enterprises Kottayam	1,11,000/-	22040363069801262669 Dated : 28-02-23
2	RJE02507/22-23 03-01-2023	RJ Enterprises Kottayam	91,364/-	22040363069801195039 Dated:15-02-23
3	22-23/SS/775 04-01-23	Service Systems Kochi	73,338.9	23040363069800533117 Dated:11-09-23
4	AFPL/22-23/0275 07-03-23	AFTEK Informatics Pvt Ltd	6,975/-	23040363069800605132 Dated:23-09-23

എൻകവയറി നം. 01/07.09.2024 ന് 11/09/2024 ൽ, GEM മുഖേനയാണ് പർച്ചേസ് നടത്തിയത് എന്ന് 11/09/2024 ൽ മറുപടി നൽകിയിട്ടുള്ളത്. എന്നാൽ GEM പർച്ചേസിന്റെ രേഖകൾ ഒന്നും പരിശോധനയക്ക് നൽകിയിട്ടില്ല. സ്റ്റോക്ക് വിശദാംശങ്ങളും ഹാജരാക്കിയെന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥ സ്റ്റോക്ക് വിശദാംശങ്ങളും ഹാജരാക്കിയിട്ടില്ല. അസി. എഞ്ചിനീയർ നടത്തിയിട്ടുള്ള പർച്ചേസിന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിന്റെ രേഖകളും ഇല്ല. കമ്പ്യൂട്ടറുകൾ വാങ്ങിയതിന്റെ ടെണ്ടർ നടപടികളും, സ്റ്റോക്ക് വിവരങ്ങളും ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 2,82,677.9 രൂപ തടസ്സപ്പെടുത്തുന്നു. ജെം മുഖേന സാധനങ്ങൾ വാങ്ങിയ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻകവയറി നം. 01/07.09.2024.

തടസ്സപ്പെടുത്തിയ തുക – 2,82,677.9 രൂപ.

1-16 മെൻസ്ട്രൽ കപ്പ് വിതരണം- ചുമതലയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പാക്കി

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള സ്കൂൾ വിദ്യാർത്ഥിനികൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം ചെയ്യുന്നതിന് മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. ശൂരനാട്)

നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച പദ്ധതി പ്രകാരം ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (HLL) എന്ന സ്ഥാപനത്തിൽ നിന്നും 903 മെൻസ്ട്രൽ കപ്പ് നേരിട്ട് വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര്, നമ്പർ	വകയിരുത്തിയ തുക	ബിൽ നമ്പർ	ചെലവഴിച്ച തുക
വിദ്യാർത്ഥികൾക്ക് മെൻസ്ട്രൽ കപ്പ്, 61	2,71,000/-രൂപ [വികസന ഫണ്ട് (പൊതു.)-₹1,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്-₹2,70,000/-]	21/ 13.12.23	2,70,900/-രൂപ [വികസന ഫണ്ട് (പൊതു.)-₹900/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്-₹2,70,000/-]

പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. എല്ലാ വിഭാഗം വനികൾക്കും 100% സബ്സിഡിയിൽ മെൻസ്ട്രൽ കപ്പ് വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും ഏറ്റെടുത്ത് നടപ്പാക്കുന്നതിനാണ് പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ സർക്കാർ അനുമതി നൽകിയിട്ടുള്ളത്. 17.08.2022 ലെ ഡി.എ. 1/278/2022/ത.സ്വ.ഭ.വ സർക്കുലറിലും ഇക്കാര്യം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

2. സ്കൂൾ വിദ്യാർത്ഥിനികൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചതെങ്കിലും കോളേജ് വിദ്യാർത്ഥിനികളെയാണ് ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തത്.

3. ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത് സംബന്ധിച്ച കമ്മിറ്റി തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (HLL) എന്ന സ്ഥാപനത്തിൽ നിന്നും 903 മെൻസ്ട്രൽ കപ്പുകൾ വാങ്ങിയെങ്കിലും നാളിതുവരെയും ഇത് വിതരണം ചെയ്തിട്ടില്ല.

മെൻസ്ട്രൽ കപ്പ് വിതരണം ഗവൺമെന്റിന്റെ നിർബന്ധിത പ്രോജക്ട് ആയതിനാലും, കൗമാരക്കാരായ കുട്ടികളിൽ മെൻസ്ട്രൽ കപ്പിന്റെ ഉപയോഗം പ്രചരിപ്പിക്കുന്നതിനും വേണ്ടി ബ്ലോക്കു പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് പ്രോജക്ട് ഏറ്റെടുത്തതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങുന്ന പദ്ധതികൾ സർക്കാർ മാർഗ്ഗരേഖ പ്രകാരം അനുവദനീയമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമായതിനാൽ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച കമ്മിറ്റി തീരുമാനവും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രോജക്ടുകൾ സർക്കാർ അനുമതി ഇല്ലാതെ നടപ്പാക്കുന്നതിന് ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്നും ചെലവഴിച്ച 2,70,000/- രൂപയും, വികസനഫണ്ടിൽ നിന്ന് ചെലവഴിച്ച 900/- രൂപയും ഉൾപ്പെടെ ആകെ 2,70,900/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

ഓഡിറ്റ് എൻകയറി നം. 9/10.09.2024.

നിരാകരിച്ച തുക – 2,70,900/- രൂപ.

1-17 ശൂരനാട് സി.എച്ച്.സി.യിലേക്ക് ഫർണ്ണീച്ചർ

ശൂരനാട് സി.എച്ച്.സി.യിലേക്ക് ഫർണ്ണീച്ചർ വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ചുവടെ പറയും പ്രകാരം പദ്ധതി

ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ARTCO യിൽ നിന്നും ഫർണ്ണീച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ചെലവ് തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര്	വകയിരുത്തിയ തുക (₹)	ഫണ്ടിനം	ചെലവഴിച്ച തുക (₹)	ബിൽ നമ്പർ
ശൂരനാട് സി.എച്ച്.സി.യിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ	2,50,000/-	MG (NR)	2,46,329/-	23/3.1.24 24/16.03.24 37/26.03.24

ബിൽ നമ്പർ 37 പ്രകാരം ARTCO യ്ക്ക് കൈമാറിയ 95,778/- രൂപയുടെ ഫർണ്ണീച്ചർ ലഭിച്ചിട്ടില്ല. ഫർണ്ണീച്ചർ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. 95,778/-രൂപയുടെ ഫർണ്ണീച്ചറിന്റെ ലഭ്യത വിശദാംശം അറിയിച്ചിട്ടില്ല. ഫർണ്ണീച്ചറുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്ക് വിശദാംശം അറിയിക്കേണ്ടതാണ്. ഫർണ്ണീച്ചറുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ 95,778/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫർണ്ണീച്ചറുകൾ ലഭ്യമാക്കി സ്റ്റോക്ക് രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

ഓഡിറ്റ് എൻകയറി നം. – 28/11.09.2024.

തടസ്സപ്പെടുത്തിയ തുക – 95,778/-രൂപ.

1-18 പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല

പ്രോജക്ട് നമ്പർ –6/24, വദ്യാദീപം-പട്ടികജാതി വിദ്യാർത്ഥികൾക്ക് ഏകീകൃത സൗകര്യമുള്ള പഠനമുറി

അടങ്കൽ തുക - 36,00,000 /-രൂപ (വികസനഫണ്ട്-എസ്.സി.പി.)

ചെലവ് - 27,00,000/-രൂപ (വികസനഫണ്ട്-എസ്.സി.പി.)

നിർവ്വഹണം – പട്ടിക ജാതി വികസന ഓഫീസർ

14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിന് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 2,00,000/-രൂപ ആനുകൂല്യം നൽകാവുന്നതാണ്. ഗുണഭോക്താക്കൾ ഗഡുക്കൾ കൈപ്പറ്റിയിട്ട് നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ആദ്യഗഡു കൈപ്പറ്റിയിട്ട് നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചില്ല

2023-24 വർഷത്തിൽ കരാറിൽ ഏർപ്പെട്ട് ആദ്യഗഡു കൈപ്പറ്റിയിട്ട് നാളിതുവരെ പഠനമുറി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

ക്രമ നം.	ഗുണഭോക്താവിന്റെ പേരുവിവരം	കൈപ്പറ്റിയ തുക (₹)	ബിൽ നം. / തിയതി
1.	തങ്കമ്മ, അരുൺ ഭവനം, ഇടയ്ക്കാട് പി.ഒ, പോരുവഴി	30,000/-	42-18/2/24
2.	പ്രഭാകരൻ, തറയിൽ പുത്തൻ വീട്, കോവൂർ പി.ഒ	30,000/-	46-31/1/24

3.	രഘുരാജ് ആർ, റജിഭവനം, പനപ്പെട്ട്, പോരുവഴി	30,000/-	50-16/2/24
4.	ഉഷ അനിയൻ, അനന്തുഭവനം, ശൂരനാട് വടക്ക്	30,000/-	50-16/2/24
5.	മിനിമോൾ, ത്രിവേണി, കടപ്പ	30,000/-	50-16/2/24
6.	ലതിക, പുത്തൻപുര തെക്കതിൽ, പള്ളിമുറി	30,000/-	52-22/2/24
7.	പുഷ്പകുമാർ, ചില്ലക്കാട്ട് കിഴക്കതിൽ, വേങ്ങ	30,000/	53-22/2/24
	ആകെ	2,10,000/-	

2)

പ്രോജക്ട് നമ്പർ –166/24, വദ്യാദീപം-പട്ടികജാതി വിദ്യാർത്ഥികൾക്ക് ഏകീകൃത സൗകര്യമുള്ള പഠനമുറി

അടങ്കൽ തുക - 36,75,000 /-രൂപ (-വികസനഫണ്ട്-എസ്.സി.പി.)

ചെലവ് - 21,54,000/-രൂപ (വികസനഫണ്ട്-എസ്.സി.പി.)

നിർവ്വഹണം – പട്ടിക ജാതി വികസന ഓഫീസർ

2022-23 വർഷത്തിൽ കരാറിൽ ഏർപ്പെട്ട് 2023-24 വർഷമായിട്ടും പഠനമുറി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

ക്രമ നം.	ഗുണഭോക്താവിന്റെ പേരുവിവരം	കൈപ്പറ്റിയ തുക (₹)	ബിൽ നം. / തിയതി
1.	രാജി ആർ, സൂരജ് നിവാസ്, പള്ളിക്കശ്ശേരിൽ	75,000/-	3/24-6-23
2.	ബിന്ദു എസ്, അനന്യഭവനം, പള്ളിക്കശ്ശേരിൽ, ശാസ്താംകോട്ട	75,000/-	3/24-6-23
3.	ബിനു ആർ, വലിയതുറ കിഴക്കതിൽ, കിടങ്ങയം വടക്ക്	75,000/-	25/6-11-23
	ആകെ	2,25,000/-	

പഠനമുറി പൂർത്തീകരിക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടിവിവരം ആവശ്യപ്പെട്ട ഓഡിറ്റ് എൻകയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പഠനമുറി നിർമ്മാണം പൂർത്തീകരിച്ച പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 4,35,000/-രൂപ തടസ്സപ്പെടുത്തുന്നു. പഠനമുറി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുകയോ, അല്ലാത്തപക്ഷം നൽകിയ തുക പലിശ സഹിതം ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. തുടർനടപടി വിവരം ലഭ്യമാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻകയറി നം. – 14 /10-9-24.
തടസ്സം - 4,35,000/-രൂപ.

1-19 കേരളോൽസവം -തനതു ഫണ്ടിൽ നിന്നും ചെലവായ തുക റീക്കൂപ്പ് ചെയ്തില്ല

കേരളോൽസവം നടത്തിപ്പിനായി താൽക്കാലികമായി തനതുഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീക്കുപ്പ് ചെയ്തിട്ടില്ല. കേരളോൽസവപദ്ധതി (25/24) പ്രകാരമുള്ള ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അടങ്കൽ (₹)	ചെലവ് (₹)
വികസന ഫണ്ട്	1,50,000/-	1,42,690/-
യുവജന ക്ഷേമ ബോർഡ് വിഹിതം	1,00,000/-	1,00,000/-

ജില്ലാതല കേരളോൽസവത്തിൽ പങ്കെടുത്ത മത്സരാർത്ഥികൾക്ക് 100/- രൂപാ നിരക്കിൽ യാത്രാബത്ത സെക്രട്ടറിയുടെ 23-1-2024 തീയതിയിലെ S2/1298/2023 നമ്പർ നടപടിക്രമം പ്രകാരം 7,700/-രൂപ അനുവദിച്ചു നൽകിയിരുന്നു (ചെക്ക് നമ്പർ 1411245/6-2-2024). ആയത് തനതു ഫണ്ട് അക്കൗണ്ടിലേക്ക് റീക്കുപ്പ് ചെയ്തിട്ടില്ല. ടി തുക റീക്കുപ്പ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നമ്പർ – 12/11.09.2024.

1-20 ഡെപ്പോസിറ്റ് വർക്ക് -തുക നിക്ഷേപിച്ചെങ്കിലും പണി നടത്തിയിട്ടില്ല

നിക്ഷേപ പ്രവൃത്തിയ്ക്കായി തുക നിക്ഷേപിച്ചുവെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട്	പോരുവഴി പ്രീമെട്രിക് ഹോസ്റ്റൽ റോഡ് കോൺക്രീറ്റീംഗ്
അടങ്കൽ	5,00,000/-രൂപ
ഫണ്ടിനം	വികസനഫണ്ട് എസ്.സി.പി.
ചെലവ്	5,00,000/-രൂപ
ബിൽ നമ്പർ	48/2-2-24

പ്രസ്തുത പ്രോജക്ടിനായി ബിൽ തുക കെ.ഐ.പി. അസിസ്റ്റന്റ് എഞ്ചീനീയർക്ക് ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ പ്രസ്തുതു വർക്കിന്റെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ, ടെക്നിക്കൽ സാങ്ഷൻ, ലോക്കേഷൻ മാപ്പ്, സൈറ്റ് പ്ലാൻ എന്നിവ ഫയലിൽ ലഭ്യമല്ല. കെ.ഐ.പി.-യുമായി പ്രവൃത്തി സംബന്ധിച്ച് എഗ്രിമെന്റ് വച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ എം. ബുക്ക്, ഫൈനൽ ബിൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 5,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ സഹിതം തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നമ്പർ – 13/10.09.2024.
തടസ്സപ്പെടുത്തിയ തുക 5,00,000/-രൂപ.

1-21 സ്ഥാനർ ലഭ്യമായില്ല

പ്രോജക്ട് നം. – 219 (CDPO ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും

വാങ്ങൽ)
മെയിന്റൻസ്ഗ്രാന്റ് അടങ്കൽ – 50,000/-രൂപ
ചെലവ് - 50,000/-രൂപ (മെയിന്റൻസ് ഗ്രാന്റ്-നോൺ റോഡ്)
ബിൽ നം. – 12/24-2-23, തുക - 40,823/-രൂപ.
ബിൽ നം. – 21/26-3-24, തുക – 9,177/-രൂപ.
2023-24 വർഷം സി.ഡി.പി.ഒ. നിർവ്വഹണം നടത്തിയ പദ്ധതിയാണ് CDPO ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ. പ്രസ്തുത പദ്ധതി പ്രകാരം കെൽട്രോണിൽ നിന്ന് സ്കാനറും ലേസർ പ്രിന്ററും ലഭ്യമാക്കുന്നതിന് അക്കൗണ്ട് നം. – 79901140003959 ലേക്ക് 40,823/-രൂപ നൽകി. 22,476/- രൂപയുടെ സ്കാനറും 18,347/-രൂപയുടെ പ്രിന്ററും ലഭ്യമാക്കുന്നതിന് പ്രോഫോർമ ഇൻവോയ്സ് നൽകി. (പ്രോഫോർമ നം-53309 Dtd 2/2/24, 53306 Dtd 2/2/24). ഹാജരാക്കിയ ഫയലിൽ പ്രിന്റർ ലഭ്യമായിട്ടുള്ളതിന്റെ വിശദാംശങ്ങളുണ്ടെങ്കിലും സ്കാനർ ലഭ്യമായതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ മറുപടി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സ്കാനർ ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ സ്കാനറിന് ചിലവഴിച്ച 22,476/- രൂപ തടസ്സപ്പെടുത്തുന്നു. സ്കാനർ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക - 22,476/- രൂപ.
എൻകൃയറി നം. – 24 /11-9-24.

1-22 അനീമിയ രോഗബാധിതർക്ക് പോഷകാഹാരം നൽകൽ പദ്ധതി-ലക്ഷ്യം പൂർത്തീകരിച്ചില്ല

പ്രോജക്ട് നം. – 212/24
അടങ്കൽ തുക
വികസനഫണ്ട് ജനറൽ – 3,50,000/-രൂപ
ചെലവ്- 1,78,307/-രൂപ
ബിൽ നം. – 14/5-3-24, തുക 80,219/-രൂപ.
ബിൽ നം. – 22/26-3-24, തുക 98,088/-രൂപ.
2023-24 വർഷം സി.ഡി.പി.ഒ. നിർവഹണം നടത്തിയ പദ്ധതിയാണ് അനീമിയ രോഗബാധിതർക്ക് പോഷകാഹാരം നൽകൽ. 2022-23 വർഷം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ പെൺകുട്ടികളുടെയും വനിതകളുടെയും രക്തപരിശോധനയിലൂടെ HB കൗണ്ട് 12 ൽ താഴെയെന്ന് കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് 2023-24 വർഷം പോഷകാഹാരകിറ്റ് നൽകുന്നതാണ് പ്രോജക്ട്. മെഡിക്കൽ ഓഫീസർ നൽകിയ നിർദ്ദേശപ്രകാരം അവൽ, ഉണക്കമുന്തിരി, ശർക്കര എന്നീ സാധനങ്ങൾ HB കൗണ്ട് 12 ൽ താഴെയെന്ന് കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് 29/2/24 ൽ സപ്ലൈക്കോയിൽ നിന്നും ലഭ്യമാക്കി നൽകി. 2022-23 വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പഞ്ചായത്തുകളിൽ, 3/23 ൽ ജെ.എച്ച്.ഐ. മാർ നടത്തിയ ക്യാമ്പിൽ HB കൗണ്ട് 12 ൽ താഴെയുള്ള 306 ഗുണഭോക്താക്കളെ കണ്ടെത്തിയെങ്കിലും പ്രസ്തുത ഗുണഭോക്താക്കൾക്ക് 2023-24 വർഷമാണ് പോഷകാഹാരകിറ്റ് അടങ്ങിയ ആനുകൂല്യം നൽകിയത്. 2022-23 വർഷം പരിശോധന നടത്തി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ഏകദേശം ഒരു വർഷം കഴിഞ്ഞ് പോഷകാഹാരകിറ്റ് നൽകിയത് പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ്. ഒരു വർഷത്തിനുശേഷം പോഷകാഹാരം വിതരണം ചെയ്തതിനാൽ HB Count 12 ൽ കുറഞ്ഞ ഗുണഭോക്താക്കൾക്ക് ഏറ്റക്കുറച്ചിലുകൾ വരാൻ സാധ്യതയുണ്ട്. ആയതിനാൽ

2022-23 വർഷം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ആ വർഷം തന്നെ പോഷകാഹാര കിറ്റ് വിതരണം ചെയ്ത് പ്രോജക്ട് രൂപീകരണം ചെയ്യുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കാഞ്ഞതിന് വിശദീകരണം രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സാമ്പത്തിക വർഷാരംഭത്തിൽ പ്രോജക്ട് രൂപീകരിച്ച് അംഗീകാരം വാങ്ങുന്ന വേളയിൽ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിക്കുന്ന രീതിയിൽ പദ്ധതികൾ നടപ്പിലാക്കാൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.
എൻകമ്പയറി നം-21 തീയതി-11/9/24.

1-23 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 5,34,204/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു

ശാസ്താംകോട്ട താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ (താലൂക്ക് ആസ്ഥാന ആശുപത്രി) നിർവ്വഹണ ഉദ്യോഗസ്ഥയായി മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വിഹിതത്തിൽ നിന്നും 15,00,000/- രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 27.09.2023 ലെ 1484-ാം നമ്പർ പ്രൊഫോർമ ഇൻവോയിസ് പ്രകാരം 15,00,000/- രൂപ 6.1.2024-ലെ 11-ാം നമ്പർ ബിൽ പ്രകാരം കൈമാറിയതിൽ 5,34,204/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. മരുന്നുകൾ ലഭിച്ചതിന്റെ വിശദാംശം അറിയിക്കാൻ ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായി മുൻകൂറായി ഒടുക്കിയ 5,34,204/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായും ലഭിക്കുന്ന മുറക്ക് വിശദാംശം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകമ്പയറി 27/11.09.24
തടസ്സപ്പെടുത്തുന്ന തുക-5,34,204/- രൂപ.

1-24 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്ന് ലഭിച്ചില്ല

ശാസ്താംകോട്ട താലൂക്ക് ആശുപത്രിക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ (താലൂക്ക് ആസ്ഥാന ആശുപത്രി) നിർവ്വഹണ ഉദ്യോഗസ്ഥയായി മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വിഹിതത്തിൽ നിന്നും 75,000/- രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിക്കായി 74,560/- രൂപ 12.03.2024-ലെ 29-ാം നമ്പർ ബിൽ പ്രകാരം കെൽട്രോണിന് (29.02.2024-ലെ 59008, 59009 നമ്പർ പ്രൊഫോർമ ഇൻവോയിസ്) കൈമാറിയെങ്കിലും നാളിതുവരെ ലാപ്ടോപ്പ് ലഭിച്ചിട്ടില്ല. ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാൻ ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ലഭിക്കാൻ അവശേഷിക്കുന്ന ഉപകരണങ്ങളുടെ വിലയായ 74,560/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ലാപ്ടോപ്പ് ലഭിക്കുന്ന മുറക്ക് വിശദാംശം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകമ്പയറി 28/11.09.2024.
തടസ്സപ്പെടുത്തുന്ന തുക-74,560/- രൂപ.

1-25 മേലൂട് പടിഞ്ഞാറെ കോളനി സാംസ്കാരിക നിലയം - നിർമ്മാണം പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തിയുടെ 80% നിർവ്വഹിച്ചില്ല.(Ward 9)

പ്രോജക്ട് നം : 136/23, 162/23-24, മേലൂട് പടിഞ്ഞാറെ കോളനി സാംസ്കാരിക നിലയം നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം.
ഫണ്ടിനം : വികസന ഫണ്ട് (SCP)
അടങ്കൽ : 27,59,242/-രൂപ
ചെലവ് : 6,71,804/-രൂപ
എസ്റ്റിമേറ്റ് : 17,37,208.61 രൂപ
കരാറുകാരൻ : മുഹമ്മദ് അസറുദ്ദിൻ ബി
കരാർ : 10/ AE / LSGD /SKTABP; 27 -1 - 23

നിർമ്മാണം ആരംഭിച്ച തിയതി : 06-2-23
Tender Notice പ്രകാരം പൂർത്തിയാക്കേണ്ട തിയതി : 04- 9-23

പദ്ധതിയിലെ അപാകതകൾ:

1) Tender Inviting Notice ൽ Compound Wall Construction എന്ന് പറഞ്ഞാണ് Tender ക്ഷണിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിയുടെ പേര് Building Construction & Compound Wall Construction എന്നും രേഖപ്പെടുത്തൽ.
2) കരാറുകാരന്റെ രജിസ്ട്രേഷൻ കാലാവധി നിർവ്വഹണ ഘട്ടത്തിൽ അവസാനിച്ചു. രജിസ്ട്രേഷൻ പുതുക്കിയതിന്റെ രേഖകൾ ഇല്ല.
3) എസ്റ്റിമേറ്റ് പ്രകാരമുള്ള 61 ഇനങ്ങൾക്ക് പകരം 18 ഐറ്റങ്ങൾ മാത്രമാണ് നാളിതുവരെ ചെയ്തിട്ടുള്ളത്.
4) 27-1-23 ൽ കരാർ വച്ച പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല.
5) പൂർത്തീകരണ കാലാവധി Tender Inviting Notice ൽ 210 Days എന്നും LOA ൽ One Year എന്നു വ്യത്യസ്തമായി രേഖപ്പെടുത്തൽ.
6) LOA നൽകിയ തീയതി കാണിച്ചിട്ടില്ല.
7) നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടില്ല.
8) സപ്ലിമെന്ററി കരാറുകൾ ഇല്ല - പ്രവൃത്തി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ, അനുമതി, കമ്മിറ്റി തീരുമാനം എന്നിവ ഇല്ല.
9) സാംസ്കാരിക നിലയത്തിനുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വകുപ്പ് അധികാരിയിൽ നിന്ന് ലഭിച്ചതിന്റെ വ്യക്തമായ രേഖയില്ല.

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചതിന് ശേഷം കരാറുകാരനിൽ നിന്നും പി.ഡബ്ല്യു.ഡി. മാനുവൽ സെക്ഷൻ 2112.1 പ്രകാരം നിയമപരമായി ഈടാക്കേണ്ട പിഴ ഈടാക്കേണ്ടതാണ്. കൂടാതെ ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തുന്ന പൂർത്തീകരണ കാലാവധി തന്നെ LOA ലും രേഖപ്പെടുത്തേണ്ടതാണ്. മേൽ സൂചിപ്പിച്ച അപാകതകൾ നിർവ്വഹണ പ്രവൃത്തികളിൽ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മെൻസ്ട്രൽ കപ്പ് വിതരണം- ചുമതലയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പാക്കി

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള സ്കൂൾ വിദ്യാർത്ഥിനികൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം ചെയ്യുന്നതിന് മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. ശൂരനാട്) നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച പദ്ധതി പ്രകാരം ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (HLL) എന്ന സ്ഥാപനത്തിൽ നിന്നും 903 മെൻസ്ട്രൽ കപ്പ് നേരിട്ട് വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര്, നമ്പർ	വകയിരുത്തിയ തുക	ബിൽ നമ്പർ	ചെലവഴിച്ച തുക
വിദ്യാർത്ഥികൾക്ക് മെൻസ്ട്രൽ കപ്പ്, 61	2,71,000/-രൂപ [വികസന ഫണ്ട് (പൊതു.)-₹1,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്-₹2,70,000/-]	21/ 13.12.23	2,70,900/-രൂപ [വികസന ഫണ്ട് (പൊതു.)-₹900/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്-₹2,70,000/-]

പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. എല്ലാ വിഭാഗം വനികൾക്കും 100% സബ്സിഡിയിൽ മെൻസ്ട്രൽ കപ്പ് വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും ഏറ്റെടുത്ത് നടപ്പാക്കുന്നതിനാണ് പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ സർക്കാർ അനുമതി നൽകിയിട്ടുള്ളത്. 17.08.2022 ലെ ഡി.എ. 1/278/2022/ത.സ്വ.ഭ.വ സർക്കുലറിലും ഇക്കാര്യം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

2. സ്കൂൾ വിദ്യാർത്ഥിനികൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചതെങ്കിലും കോളേജ് വിദ്യാർത്ഥിനികളെയാണ് ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തത്.

3. ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത് സംബന്ധിച്ച കമ്മിറ്റി തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (HLL) എന്ന സ്ഥാപനത്തിൽ നിന്നും 903 മെൻസ്ട്രൽ കപ്പുകൾ വാങ്ങിയെങ്കിലും നാളിതുവരെയും ഇത് വിതരണം ചെയ്തിട്ടില്ല.

മെൻസ്ട്രൽ കപ്പ് വിതരണം ഗവൺമെന്റിന്റെ നിർബന്ധിത പ്രോജക്ട് ആയതിനാലും, കൗമാരക്കാരായ കുട്ടികളിൽ മെൻസ്ട്രൽ കപ്പിന്റെ ഉപയോഗം പ്രചരിപ്പിക്കുന്നതിനും വേണ്ടി ബ്ലോക്കു പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് പ്രോജക്ട് ഏറ്റെടുത്തതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങുന്ന പദ്ധതികൾ സർക്കാർ മാർഗ്ഗരേഖ പ്രകാരം അനുവദനീയമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമായതിനാൽ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഗുണഭോക്തൃ

തെരഞ്ഞെടുപ്പ് സംബന്ധിച്ച കമ്മിറ്റി തീരുമാനവും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രോജക്ടുകൾ സർക്കാർ അനുമതി ഇല്ലാതെ നടപ്പാക്കുന്നതിന് ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്നും ചെലവഴിച്ച 2,70,000/- രൂപയും, വികസനഫണ്ടിൽ നിന്ന് ചെലവഴിച്ച 900/- രൂപയും ഉൾപ്പെടെ ആകെ 2,70,900/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

ഓഡിറ്റ് എൻകയറി നം. 9/10.09.2024.

നിരാകരിച്ച തുക – 2,70,900/- രൂപ.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	09.09.24	കെ.എസ്.എ.കെ.എൽ.എം.പി 10/1809/24 തീയതി 28.10.2024

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ് (₹)
ജില്ലാ പഞ്ചായത്ത്	2023-24	246000/-	പി.എം.എ.വൈ. ഭവന നിർമ്മാണം (ജനറൽ)	246000/-	0
ജില്ലാ പഞ്ചായത്ത്	2023-24	494000/-	പി.എം.എ.വൈ. ഭവന നിർമ്മാണം (എസ്.സി.പി.)	494000/-	0
ജില്ലാ പഞ്ചായത്ത്	2023-24	158000/-	പി.എം.എ.വൈ. ഭവന നിർമ്മാണം (ജി.)/ ലൈഫ് (എസ്.സി.പി.)	158000/-	0
ഗ്രാമപഞ്ചായത്ത്	2023-24	70000/-	പി.എം.എ.വൈ. ഭവന നിർമ്മാണം (ജി.)/ ലൈഫ് (എസ്.സി.പി.)	70000/-	0
ഗ്രാമപഞ്ചായത്ത്	2023-24	863644/-	ശാസ്താംകോട്ട-ചവറ പൈപ്പ് റോഡ് പുനരുദ്ധാരണം	863644/-	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ക്രമ നം.	പ്രോജക്ടിന്റെ നം.	പേര്	ഫണ്ട് ഇനം തുക ₹	ചെലവ്
1	കല്ലട ഇറിഗേഷൻ പ്രോജക്ട്	പ്രീമെട്രിക് ഹോസ്റ്റൽ റോഡ് കോൺക്രീറ്റിംഗ്	എസ്.സി.പി.	500000/-

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1998-99 മുതൽ 2004-05 വരെ	3.25	2007-08	3.10.1	കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി- ആത്യന്തികമായി പാഴ്ച്ചലവായി മാറി	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്

4-9 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1 (1-16)	-	2,70,900/-	ഡോ. ബുഷറ റ്റി., മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.), ശൂരനാട്

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12	3,98,275/-	ശ്രീ. ഓമനക്കുട്ടൻ കെ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ
1-13	2,91,900/-	ശ്രീ. ഓമനക്കുട്ടൻ കെ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ

1-15	2,82,678/-	ശ്രീമതി സലില എസ്, അസിസ്റ്റന്റ് എഞ്ചിനീയർ
1-17	95,778/-	ഡോ. ബുഷറ റ്റി., മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.), ശൂരനാട്
1-18	4,35,000/-	ശ്രീ. രാജീവ്, പട്ടികജാതി വികസന ഓഫീസർ
1-20	5,00,000/-	ശ്രീ. ചന്ദ്രബാബു കെ., സെക്രട്ടറി
1-21	22,476/-	ശ്രീമതി ഗംഗാഭായി കെ.വി., ശിശുവികസന ഓഫീസർ
1-23	5,34,204/-	ഡോ. തോമസ്സ് അൽഫോൺസ്, മെഡിക്കൽ ഓഫീസർ (താലൂക്ക് ആസ്ഥാന ആശുപത്രി)
1-24	74,560/-	ഡോ. ഷഹന, മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി)
ആകെ	**26,34,871/-**	

(ബി). <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(സി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ചന്ദ്രബാബു കെ., സെക്രട്ടറി	സെക്രട്ടറി ശാസ്താംകോട്ട ബ്ലോക്ക്	മീനത്തേതിൽ കിഴക്ക് താമരക്കുളം പി.ഒ., ആലപ്പുഴ-690530
ശ്രീ. ഓമനക്കുട്ടൻ കെ. ഡയറി എക്സ്റ്റൻഷൻ ഓഫീസർ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ, അഞ്ചാലുംമൂട്	നെല്ലിവിള വീട്, മുളവന പി.ഒ മുളവന, കുണ്ടറ – 691503
ശ്രീ. തോമസ്സ് അൽഫോൺസ്, മെഡിക്കൽ ഓഫീസർ (താലൂക്ക് ആസ്ഥാന ആശുപത്രി)	താലൂക്ക് ആസ്ഥാന ആശുപത്രി ശാസ്താംകോട്ട	ബംഗ്ലാവിൽ വീട്, പടിഞ്ഞാറെകല്ലട കാരാളി ജംഗ്ഷൻ, കൊല്ലം – 690521
ഡോ. ഷഹന, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, ശാസ്താംകോട്ട	സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, ശാസ്താംകോട്ട	ECSTASY, നിയർ ടി.കെ.എം. എച്ച്.എസ്.എസ്., പേരൂർ, കൊല്ലം-691005
ശ്രീ. രാജീവ് എസ്., പട്ടികജാതി വികസന ഓഫീസർ,	പട്ടികജാതി വികസന ഓഫീസർ, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് പഞ്ചായത്ത്	രേവതി, പല്ലാരിമംഗലം പി.ഒ. മാവേലിക്കര-690107
ശ്രീമതി ഗംഗാഭായി	ശിശുവികസന	വേളൂർ കിഴക്കതിൽ, കടപ്പ,

കെ.വി.	ഓഫീസർ ശാസ്താംകോട്ട ബ്ലോക്ക്	മൈനാഗപ്പള്ളി പി.ഒ-690519
ഡോ. ബുഷറ റ്റി., മെഡിക്കൽ ഓഫീസർ	ഡോ. ബുഷറ റ്റി., മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.), ശൂരനാട്	കിഴക്കെ പുളിമൂട്ടിൽ, വടക്കുംതല പി.ഒ, കരുനാഗപ്പള്ളി-690536
ശ്രീമതി സലില എസ്, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ ശാസ്താംകോട്ട ബ്ലോക്ക്	ചരുവിള പുത്തൻവീട്, പുന്തലത്താഴം, കൊല്ലം

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം.
1995-96 മുതൽ 1997-98 വരെ	കെ.എസ്.എ.കെ.എൽ.എം.പി10/458(1)/18, 24.3.2018	5
1998-99 മുതൽ 2004-05 വരെ	കെ.എസ്.എ.കെ.എൽ.എം.പി10/458(2)/18, 24.3.2018	7
2005-06	കെ.എസ്.എ.കെ.എൽ.എം.പി10/458(3)/18, 24.3.2018	10
2006-07	കെ.എസ്.എ.കെ.എൽ.എം.ഡി.ബി1/165/16, 14.03.16	8
2007-08	എൽ.എഫ്.ക്യു.ഡി.ബി-1536(4)/14, 2.7.14	4
2008-09	എൽ.എഫ്.ക്യു.ഡി.ബി-1536(3)/14, 2.7.14	8
2009-10	എൽ.എഫ്.ക്യു.ഡി.ബി-2306/14, 9.1.15	5
2010-11	എൽ.എഫ്.ക്യു.ഡി.ബി-1536(1)/14, 2.7.14	5
2011-12	കെ.എസ്.എ.കെ.എൽ.എം.ഡി.ബി/1498/14, 16.4.15	13
2012-13 & 2013-14	കെ.എസ്.എ.കെ.എൽ.എം.ഡി.ബി/2175/15, 18.2.16	6
2014-15 & 2015-16	കെ.എസ്.എ.കെ.എൽ.എം.പി.10/1513/17, 27.11.17	7
2016-17	കെ.എസ്.എ.കെ.എൽ.എം.പി.10/2001/07, 7.12.2017	9
2017-18	കെ.എസ്.എ.കെ.എൽ.എം.പി.10/403/19, 9.4.2019	8
2018-19	കെ.എസ്.എ.കെ.എൽ.എം.പി.10/1194/20 15.1.21	17
2019-20	കെ.എസ്.എ.കെ.എൽ.എം.പി.10/485/22 21.6.22	16
2020-21	കെ.എസ്.എ.കെ.എൽ.എം.പി.10/895/22 /22 30/07/2022	27
2021-22	കെ.എസ്.എ.കെ.എൽ.എം.പി.10/539/23 /12/04/2023	20
2022-23	കെ.എസ്.എ.കെ.എൽ.എം.പി.10/1570/23	16

	/07/11/2023	

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number II 1 dated II 1 dated 10-06-2024 and submitted on 29-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Sasthamcotta Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Sasthamcotta Block Panchayat as on 31-03-2024

Date: 07/11/2024 **Senior Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Sasthamcotta Block Panchayat for the Year 2023-2024.

1.Major Observations

2.Other Observations

1) The mandatory financial statements such as ratios and notes to Secretary prescribed in accounting rules are not submitted for audit.

2) Reconcilation is not done for CFC grant.

3) Assets are not included properly in Balance Sheet.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 3
അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റ്	
3	ബാലൻസ് ഷീറ്റ്	

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലe ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.